**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6130** | **07.07.2014 ൽ മറുപടിയ്ക്ക്** |
| **ഐ.സി.ഡി.എസ് . ഔട്ട്സോഴ്സ് ചെയ്യാനുള്ള തീരുമാനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എ. കെ. ബാലൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സംയോജിത ശിശുവികസന സേവനങ്ങൾ ഐ. സി.ഡി.എസ്. നടപ്പാക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളെ ഏല്പിക്കാനോ ഔട്ട്സോഴ്സ് ചെയ്യാനോ തീരുമാനി ച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഇല്ല |
| (ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശ ങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്ത മാക്കുമോ ; | (ബി) ഇല്ല |
| (സി) ഔട്ട്സോഴ്സ് ചെയ്യുന്നതിന് മിഷൻ രൂപീകരി ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) ഔട്ട്സോഴ്സ് ചെയ്യുന്നതിന് മിഷൻ രൂപീ കരിച്ചിട്ടില്ല. നിലവിലുള്ള ഐ.സി.ഡി.എസ്-ന്റെ പ്രവർത്തനം മിഷൻ മോഡിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഐ.സി.ഡി.എസ് പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനവും പൊതുജനപങ്കാളിത്തവും ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതി കൂടുതൽ ഫലപ്രദമായി ഗുണഭോക്താക്കൾക്ക് പ്രയോജന പ്രദമാക്കുക എന്ന ലക്ഷ്യവും മുൻ നിർത്തിയാണ് ഐ.സി.ഡി.എസ് മിഷൻ മോഡിലേയ്ക്ക് മാറ്റുന്നത്. കേരളത്തിൽ അംഗൻവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 100% കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി തന്നെയാണ് തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഗവേണിംഗ് ബോഡി, |

| | |
|---|---|
| | ഐ.സി.ഡി.എസ് സേവനങ്ങളുമായി ബന്ധമുള്ള വിവിധ സർക്കാർ വകുപ്പുകളുടെ തലവന്മാരും കേന്ദ്ര ഗവൺമെന്റ് പ്രതിനിധിയും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളും വിദ്യാഭ്യാസ വിചക്ഷണരും ഐ.സി.ഡി.എസ് ട്രെയിനിംഗ് ചുമതല വഹിക്കുന്ന എൻ.ഐ.പി.സി.സി.ഡി പ്രതിനിധിയും ഉൾപ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**